# Regional Agricultural Research Station, Ambalavayal

Kerala Agricultural University, Ambalavayal, Wayanad - 673 593

മേഖലാ കാർഷിക ഗവേഷണ കേന്ദ്രം, കേരള കാർഷിക സർവ്വകലാശാല, അമ്പലവയൽ, വയനാട് 673593

Phone: 04936 260421, web: www.kau.edu, email: rarsamb@kau.in


നമ്പർ. ഇ 4310/2022 (26) തീയതി. 15 .11.2022

## ടെൻഡർ നോട്ടീസ്

കേരള കാർഷിക സർവ്വകലാശാലയുടെ ആഭിമുഖ്യത്തിൽ അമ്പലവയൽ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ വച്ച് **2023 ജനുവരി മാസം 01 മുതൽ 15 വരെ** നടത്തുന്നപുഷ്പഫല പ്രദർശന മേള**"പൂപ്പൊലി 2023"**ന്റെ ഭാഗമായി **അമ്യൂസ്മെന്റ് പാർക്ക്**ഏർപ്പാടാക്കി ത്തരുന്നതിന് ഇത്തരം പ്രവർത്തികൾ നടത്തുന്ന **GST രജിസ്ട്രേഷനുള്ള സ്ഥാപനങ്ങൾ/വ്യക്തികൾ** നിന്നും മുദ്രവച്ച ടെൻഡറുകൾ ക്ഷണിച്ചുകൊള്ളുന്നു

**പുഷ്പഫല പ്രദർശനമേള പൂപ്പൊലി 2023- അമ്യൂസ്മെന്റ്പാർക്കിനുള്ള ടെൻഡർ**

അമ്യൂസ്മെന്റ് പാർക്ക് : ഒരെണ്ണം ( ഏകദേശം ഒരേക്കർ സ്ഥലത്ത് )

**അടിസ്ഥാന വില 5 ലക്ഷം രൂപ**

1. ഇതിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്ന ഐറ്റങ്ങളുടെ പട്ടിക നൽകേണ്ടതാണ്.
2. പൊതുജനങ്ങളുടെ ജീവന് ഭീഷണിയുള്ള ഐറ്റങ്ങൾ ഒഴിവാക്കേണ്ടതാണ്
3. സുരക്ഷ സംബന്ധിച്ച് ആവശ്യമായ മുൻകരുതലുകളും, ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും നേടേണ്ട അനുമതിയും ടെൻഡർലഭിക്കേണ്ടവർ നേടേണ്ടതാണ്
4. **ടെൻഡർ സമർപ്പിക്കുന്ന വ്യക്തിയുടെ തിരിച്ചറിയൽ കാർഡിന്റെ പകർപ്പ് ടെൻഡറിനോടൊപ്പം സമർപ്പിക്കേണ്ടതാണ്**
5. **ടെൻഡർ ലഭിക്കുന്ന ആൾക്കും, കൂടെയുള്ള തൊഴിലാളികൾക്കും ഈ സ്ഥാപനത്തിന്റെ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് നിർബന്ധമാണ്. ഇത് ലഭിക്കുന്നതിനായി ഫോട്ടോയും, തിരിച്ചറിയൽ കാർഡുകളും എക്സിബിഷൻ തുടങ്ങുന്നതിന് ഒരാഴ്ച മുൻപ് ഓഫീസിൽ ഹാജരാക്കേണ്ടതാണ്**
6. **മേൽ ദിവസങ്ങളിൽ രാവിലെ 9 മണി മുതൽ രാത്രി 9 മണി വരെ മാത്രം ആയിരിക്കും എക്സിബിഷൻ സമയം**
7. **ടെൻഡർസംബന്ധമായ കൂടുതൽ വിവരങ്ങൾ 04936 260421 ഫോൺ നമ്പരിൽ നിന്നും അറിയാവുന്നതാണ്**

| | |
|---|---|
| ടെൻഡർകവറിനുപുറത്ത്എഴുതേണ്ടത്: | **"പൂപ്പൊലി 2023" അമ്യൂസ്മെന്റ് പാർക്കിനുള്ള ടെൻഡർ** |
| ടെൻഡർ ലഭിയ്ക്കേണ്ടഅവസാന തിയതി, സമയം | : **30.11.2022, 11.00 am** |
| ടെൻഡർതുറക്കുന്ന തിയതി, സമയം | : **30.11.2022 , 11.30 am** |
| നിരതദ്രവ്യം | : **10,000**/- രൂപ (ഡിഡി/പണംആയി) |
| ടെൻഡർ വില: | ; **കോട്ട് ചെയ്യുന്ന തുകയുടെ 0.2 %** **(കുറഞ്ഞത് 1000/ രൂപ)** |
| സെക്യൂരിറ്റി ഡെപ്പോസിറ്റ് | : **25,000**/- |
| ടെൻഡർസമർപ്പിക്കേണ്ടവിലാസം: | **അസോസിയേറ്റ്ഡയറക്ടർഓഫ്റിസർച്ച്** **പ്രാദേശിക കാർഷിക ഗവേഷണകേന്ദ്രം** **അമ്പലവയൽ, വയനാട്** |

ടെൻഡർ ഫോമും അനുബന്ധ ഫോമുകളും കാർഷിക സർവ്വകലാശാലയുടെ ഒഫിഷ്യൽ വെബ്സൈറ്റിൽ നിന്നും ലഭ്യമാണ്. (http/www.kau/tenders)

**ടെൻഡർസംബന്ധിച്ച മറ്റു നിബന്ധനകൾ:**

- ടെൻഡർ ലഭിക്കുന്നവർക്വട്ടേഷൻ തുകയുടെ മൂന്നിൽഒന്ന് (1/3) ടെൻഡർഅംഗീകരിച്ച് മൂന്ന് ദിവസത്തിനകം അടയ്ക്കേണ്ടതാണ്. ശേഷിക്കുന്ന തുക **15.12.2022**ന് മുൻപ് അടയ്ക്കേണ്ടതാണ്.അല്ലാത്തപക്ഷം ടെൻഡർറദ്ദ്ചെയ്യുന്നതും നിരതദ്രവ്യംസ്ഥാപനത്തിന് മുതൽക്കൂട്ടുന്നതും നിയമാനുസൃതമായ മറ്റു നടപടികൾ സ്വീകരിക്കുന്നതുമാണ്.
- അമ്യൂസ്മെന്റ് പാർക്കിന്റെ ടെൻഡർനൽകുന്നവർഉദ്ദേശിക്കുന്ന ഇനങ്ങൾ പ്രത്യേകം കാണിച്ചിരിക്കണം
- ടെൻഡർ ലഭിക്കുന്നവർ വൈദ്യുതിക്കുള്ള സംവിധാനം സ്വയം ഏർപ്പെടുത്തേണ്ടതാണ്.
- സുരക്ഷാസംബന്ധമായഎല്ലാ ഉത്തരവാദിത്വങ്ങളും ടെൻഡർലഭിക്കുന്ന വ്യക്തിയ്ക്കായിരിക്കും.
- എല്ലാവിധ സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചും ആവശ്യമായ ലൈസൻസും നേടിയശേഷമേ വിനോദോപകരണങ്ങൾ, യന്ത്രങ്ങൾ ഇവ പ്രവർത്തിപ്പിച്ചു തുടങ്ങാവൂ. ഇത് സംബന്ധിച്ചുള്ള എല്ലാ രേഖകളും 25.12.2022ന് മുൻപായി ആഫീസിൽ ഹാജരാക്കേണ്ടതാണ്
- നിരതദ്രവ്യം അസ്സോസിയേറ്റ് ഡയറക്ടറുടെ പേരിൽ മാറാവുന്ന ഡിമാൻഡ് ഡ്രാഫ്റ്റ്/പണം ഓഫീസിൽ നേരിട്ട് ഒടുക്കിയ രസീത് ആയോമാത്രമേ സ്വീകരിക്കുകയുള്ളൂ.
- ആദ്യം പൊതുലേലവുംതുടർന്ന് ടെൻഡർ തുറക്കുന്നതുംആവശ്യമെങ്കിൽ അന്നേദിവസംതന്നെ സന്നിഹിതരായവരുടെസാന്നിധ്യത്തിൽ പുനർലേലവും നടത്തുന്നതുമാണ്.
- ആവശ്യമായസുരക്ഷാമാനദണ്ഡങ്ങൾ പാലിക്കാതെയും ലൈസൻസ് നേടാതെയും പ്രവർത്തിക്കുന്ന പക്ഷം ലേലം നേടിയശേഷംഎപ്പോൾവേണമെങ്കിലും ആയതിന്റെപ്രവർത്തനാനുമതി മുന്നറിയിപ്പില്ലാതെ പിൻവലിക്കുന്നതും നിരതദ്രവ്യം, ലേലത്തുക ഇവ സർവകലാശാലയിലേക്ക് മുതൽക്കൂട്ടുന്നതുമായിരിക്കും.
- കാരണംകാണിക്കാതേയുംയാതൊരുമുന്നറിയിപ്പില്ലാതെയും പ്രവർത്തനാനുമതിറദ്ദ്ചെയ്യാനുള്ള പൂർണ്ണ അധികാരംഅസോസിയേറ്റ്ഡയറക്ടറിൽ നിക്ഷിപ്തമാണ്.
- നിശ്ചിത സമയത്തിനു ശേഷം ലഭിയ്ക്കുന്ന ടെൻഡറുകൾ പരിഗണിയ്ക്കുന്നതല്ല.
- **200/- രൂപ മുദ്രപത്രത്തിൽ പ്രാഥമിക ഉടമ്പടി സഹിതം നിർദ്ദിഷ്ട ഫോറത്തിൽ തയ്യാറാക്കി ടെൻഡർറുകൾ സമർപ്പിക്കാവുന്നതാണ്.**
- ടെൻഡർസമർപ്പിച്ചവർക്ക് ഏറ്റവുംകൂടിയ നിരക്കിലുള്ള ടെൻഡർതൃപ്തികരമെങ്കിൽ സ്വീകരിക്കുന്നതാണ്. യാതൊരു കാരണവും കാണിക്കാതെ തന്നെ ഏറ്റവുംകൂടിയ നിരക്കിലുള്ള ടെൻഡർസ്വീകരിക്കുന്നതിനോ നിരാകരിക്കുന്നതിനോ ഈ ഓഫീസിലെ മേധാവിക്ക് അധികാരം ഉണ്ടായിരിക്കും.
- ടെൻഡർ ഉറപ്പിക്കുന്ന വ്യക്തി, ഈ ഓഫീസിൽ നിന്നുള്ള ഓർഡർ/നിർദ്ദേശങ്ങൾ അനുസരിച്ച് പൂർണ്ണ ഉത്തരവാദിത്വത്തോടെ ജോലി ഏറ്റെടുത്ത് ചെയ്യാൻ ബാദ്ധ്യസ്ഥനാണ്. അല്ലാത്തപക്ഷം നിരതദ്രവ്യം സർവകലാശാലയ്ക്ക് മുതൽകൂട്ടാകുന്നതും തക്കതായ നടപടികൾ സ്വീകരിക്കുന്നതാണ്.
- സർക്കാർ ടെൻഡറിലെ എല്ലാ നിബന്ധനകളും ഈ ടെൻഡറിനും ബാധകമാണ്. നികുതികൾ ബാധകമാണെങ്കിൽ അത് ടെൻഡർലഭിച്ച വ്യക്തിയിൽ നിന്നും ഈടാക്കുന്നതാണ്.

- ടെൻഡർകാലയളവിൽ സ്വീകരിച്ചിരിക്കുന്ന നിരക്ക് യാതൊരു കാരണവശാലും കുറയ്ക്കുന്നതല്ല.
- ടെൻഡർദിവസം അവധി പ്രഖ്യാപിക്കുകയോ പൊതു ജനങ്ങൾക്ക് യാത്രാതടസ്സം ഉണ്ടാകുകയോ ചെയ്താൽ തൊട്ടടുത്ത പ്രവൃത്തി ദിനത്തിൽ ടെൻഡർതുറക്കുന്നതാണ്. കൂടുതൽ വിവരങ്ങൾ പ്രവർത്തി ദിനങ്ങളിൽ ഓഫീസിൽ നിന്ന് അറിയാവുന്നതാണ്.
-

ഒപ്പ്/-
**അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്**

നോട്ടീസ് ബോർഡ്

പകർപ്പ് : പഞ്ചായത്ത് ഓഫീസ്, വില്ലേജ് ഓഫീസ് ,വിതരണത്തിന്

കെ.എ.യു വെബ്സൈറ്റ്/ബിൽ സെക്ഷൻ